# 3. സീതാശില്പം കടഞ്ഞെടുത്ത സുകുമാരകല

ഡോ. വി. ലിസി മാത്യു

സ്വന്തം രചനകളിൽ സുകുമാർ അഴീക്കോടിന് ഏറ്റവും പ്രിയപ്പെട്ടതാണ് 956-ൽ എഴുതിയ 'ആശാന്റെ സീതാകാവ്യം.' ഈ കൃതി തന്റെ ഏതു രചനകളെയും മറികടന്നുകൊണ്ട് അതിന്റെ സഞ്ചാരം തുടരുകതന്നെ ചെയ്യും എന്ന് അഴീക്കോട് പല സന്ദർഭങ്ങളിലും പറഞ്ഞുവെച്ചിട്ടുണ്ട്. ഈ രചന ഭാരതീയസംസ്കാരത്തിന്റെ ആത്മാവ് ഉൾക്കൊണ്ട ഊർജ്ജപ്രവാഹമാണ്.

ഇരകൾക്കും ചിലതു പറയാനുണ്ട് എന്നത് പുതിയ കാലത്തിന്റെ സാംസ്കാരികപാഠമാണ്. ചവിട്ടുന്നവനും ചവിട്ടുകൊള്ളുന്നവനും ഒരേ സംഭവത്തെക്കുറിച്ച് നടത്തുന്ന ആഖ്യാനങ്ങൾ വിപരീതദിശകളിലേക്ക് ദൃഷ്ടി പായിക്കുന്നതും യാഥാർത്ഥ്യത്തെ സംബന്ധിച്ച് പരസ്പരപൂരകവുമായിരിക്കും. അടിമ/ഉടമ, സ്ത്രീ/പുരുഷൻ, കുടിയാൻ/ജന്മി, ഗുരു/ശിഷ്യൻ, സവർണ്ണൻ/അവർണ്ണൻ ഈ വിധമുള്ള വിരുദ്ധക്രമങ്ങളെ ആഖ്യാനസാഹചര്യത്തിൽ കൂട്ടിച്ചേർത്തേക്കാം. അവ യാഥാർത്ഥ്യത്തെ വിളക്കിച്ചേർക്കുന്ന കണ്ണികളായി രൂപപ്പെട്ട സാഹചര്യങ്ങൾ നമ്മുടെ സാഹിത്യത്തിലും ചരിത്രത്തിലും സിനിമയിലുമെല്ലാം സുലഭമായിട്ടുണ്ട്. കുറസോവയുടെ റാഷമോൺ എന്ന സിനിമയിൽ ചതുഷ്കോണിലൂടെ വിവരിക്കപ്പെട്ട കഥാതന്തുപരസ്പരപൂരകവും അതേസമയം ചോദ്യചിഹ്നങ്ങൾ അവശേഷിക്കുന്നതുമായി മാറി; സിനിമയിലെ വിസ്മയകരമായ മായക്കാഴ്ചയെ നിർമ്മിക്കുന്നു. വടക്കൻ വീരഗാഥയിലെ ചന്തു കേട്ടു പഴകിയ നാട്ടുമൊഴിയിലെ തുരുമ്പിനെ രാകിക്കളഞ്ഞ് യുക്തിബോധത്തിന്റെ വാൾമുന മിനുക്കുന്നു. ശരിയേത് തെറ്റേത് എന്ന് ഈ വ്യഥയിൽ ആസ്വാദകമനസ്സ് കലാസൃഷ്ടിയോട് നീതി യാചിക്കുന്നു. ഈ ഒരനുഭവത്തെ മലയാളത്തിൽ ആദ്യം കൊണ്ടുവന്ന അപൂർവ്വസുന്ദരരചനയാണ് കുമാരനാശാന്റെ ചിന്താവിഷ്ടയായ സീത.

അടിച്ചേൽപ്പിക്കപ്പെട്ട ചരിത്രമല്ലെങ്കിലും അംഗീകരിക്കപ്പെട്ട പുരാണങ്ങൾ രാമനെ ദൈവമായി അവതരിപ്പിക്കുന്നു. ദേവസംഭവനായ അദ്ദേഹം വിമർശനത്തിന് അതീതനാണ്. കർമ്മത്തിന്റെയോ കാലത്തിന്റെയോ അവ്യാഖ്യേയമായ നിയന്ത്രണം രാമന്റെ ചെയ്തികൾക്ക് സാധൂകരണം നൽകുന്നു. വീണ്ടും വീണ്ടും അഗ്നിശുദ്ധിക്ക് വിധേയയായിട്ടും തിരസ്കൃതയായ മണ്ണിന്റെ മകളോട് അലിവും ആത്മാർത്ഥതയും പുലർത്തുന്ന വാക്കുകൾ പുരാണങ്ങളിൽ ദുർബ്ബലമായി മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളു. മലയാളത്തിലെ രാമ

# അഴീക്കോടിന്റെ വിചാരലോകം

എഡിറ്റർ: ഡോ. എ. കെ. നമ്പ്യാർ



spcs

(Malayalam)
Azheekkodinte Vicharalokam
Essays
Edited by
Dr. A. K. Nambiar
Cover Design: Rajesh Chalode
First Published March 2015
Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 220.00
© Dr. A. K. Nambiar

*No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher*

Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India

ISBN 978-93-85301-45-2

Email: spcsktm@gmail.com

978000019992

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha
Kottayam - Ernakulam (Marine Drive)
Thrissur- Palakkadu-Kozhikkodu-Kalpatta-Kannur

www.nationalbookstall.com

S 8973 B 5510 231/14-15 1-100

ഭാഗം നാല്: ഗാന്ധിയൻ ദർശനം
1. അഴീക്കോടിലെ ഗാന്ധിപ്രഭാവം
—ഡോ. ജോസ് പാറക്കടവിൽ ... 149
2. ഗാന്ധിയൻ സൗന്ദര്യവിചാരവും അഴീക്കോടും
—എസ്. കൃഷ്ണകുമാർ ... 158
3. ഗാന്ധിസത്തിൽ വിശ്വസിക്കുന്ന മാർക്സിസ്റ്റ്
—കെ. പ്രദീപൻ ... 161
ഭാഗം അഞ്ച്: പത്രപ്രവർത്തനം
പത്രപ്രവർത്തകനായ അഴീക്കോട് —പോൾ മണലിൽ ... 169
ഭാഗം ആറ്: ഭാഷ
അഴീക്കോടും നാട്ടുമൊഴിയും —മാങ്ങാട് രത്നാകരൻ ... 181
ഭാഗം ഏഴ്: പഠനങ്ങൾ
*എ) ആത്മകഥ*
1. അഴീക്കോടിന്റെ ആത്മകഥ —ജി. കാർത്തികേയൻ ... 191
2. സത്തയും ശൂന്യതയും —ആഷാമേനോൻ ... 195
*ബി) തത്ത്വമസി*
1. അഴീക്കോടിന്റെ 'തത്ത്വമസി'
—ഡോ. എൻ.വി.പി. ഉണിത്തിരി ... 205
2. 'സത്യത്തിന്റെ സത്യം'—യജ്ഞമെന്ന 'ഹോമ'ത്തിന് ഒരു മറുവാക്ക് ('തത്ത്വമസി'യെപ്പറ്റി ഒരാസ്വാദനം)
—ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത .. 212
3. സ്വയം പ്രഭ ചൊരിയുന്ന തത്ത്വമസി
—ഡോ. കെ.എച്ച്. സുബ്രഹ്മണ്യൻ ... 220
4. തത്ത്വമസി വീണ്ടും —ഡോ. എ.എം. ശ്രീധരൻ ... 226
*സി) ആശാന്റെ സീതാകാവ്യം*
1. ആശാന്റെ സീതാകാവ്യം-ഡോ. സി.ജെ. റോയി ... 233
2. അഴീക്കോടിന്റെ സ്ത്രീപക്ഷം
—ഡോ. അംബികാസുതൻ മാങ്ങാട് ... 239
3. സീതാശില്പംകടഞ്ഞെടുത്ത സുകുമാരകല
— ഡോ. വി. ലിസി മാത്യു ... 243
*ഡി) രമണനും മലയാളകവിതയും*
1. സാഹിത്യനിരൂപണത്തിലെ സാംസ്കാരിക ജാഗ്രത
—ഡോ. ആർ. ഗീതാദേവി ... 250
2. അഭിരുചിയുടെ തീവ്രവാദത്തിനെതിരെ-
രമണനും മലയാളകവിതയും —ഡോ. ശ്രീജിത്ത് ജി. ... 262
3. കാല്പനികതയും ദേശീയതയും— രമണനും
മലയാളകവിതയും അടിസ്ഥാനമാക്കി
—ബിൻസ് എം. മാത്യു ... 270